TD.VIII

# Annual Examination - 2018-19

Time

Marks

## മലയാളം

### Section. A

Qn:1 താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 250 വാക്കുകളിൽ ഒരു ഉപന്യാസം തയ്യാറാക്കുക. (15)

a) ജലം അമൂല്യമാണ് - ജലത്തിന്റെ മഹത്വത്തെ പറ്റി വർണ്ണിക്കുക.

b) ശാസ്ത്രപുരോഗതി മനുഷ്യജീവിതത്തിൽ വരുത്തിയ മാറ്റങ്ങളെ പറ്റി വിവരിക്കുക.

c) മാതൃഭാഷ നമുക്ക് പെറ്റമ്മയെ പോലെയാണ്. മാതൃഭാഷയുടെ മഹത്വത്തെ പറ്റി വർണ്ണിക്കുക.

Qn.2 താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 120 വാക്കുകളിൽ ഒരു കത്ത് തയ്യാറാക്കുക. (8)

(a) നിങ്ങളുടെ നഗരത്തിലെ ഗതാഗതക്കുരുക്കിനെ പറ്റി പരാതിപ്പെട്ടുകൊണ്ട് പോലീസ് മേധാവിക്ക് ഒരു കത്ത് തയ്യാറാക്കുക.

(b) കൂട്ടുകാരുമൊത്ത് നിങ്ങൾ നടത്തിയ ഒരു ബോട്ടുയാത്രയെ പറ്റി വിവരിച്ചു-കൊണ്ട് വിദേശത്തു താമസിക്കുന്ന നിങ്ങളുടെ പിതാവിന് ഒരു കത്തെഴുതുക.

3 താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനു ശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്യത്തിലുത്തരമെഴുതുക.

നായാട്ടിനിടയിൽ കണ്വാശ്രമത്തിൽ എത്തിയ

വിവാഹം കഴിഞ്ഞ് ഏതാനും വർഷങ്ങൾക്കുള്ളിൽ അവർക്ക് വിവാഹ മോചനത്തിനുള്ള വെമ്പലായി. ദാമ്പത്യ ജീവിതത്തിന്റെ പരിശുദ്ധിയും പരസ്പര വിശ്വാസവും സ്നേഹവുമെല്ലാം അവിടെ തകർന്ന് തരിപ്പണമാകുന്നു. ഭാരതത്തിന്റെ സ്ഥിതി ഇങ്ങനെയായിരുന്നില്ല. ഇവിടെ വൈവാഹിക ജീവിതത്തിന് അത്യന്തം പവിത്രതയും ദാർഢ്യവും കല്പിച്ചിരുന്നു. ഏക പത്നീവ്രതത്തിനും, ഏക ഭർതൃവ്രതത്തിനുമായിരുന്നു ഇവിടെ മുൻതൂക്കം. പൗരാണിക ദമ്പതിമാരിൽ ശിവനും പാർവതിയും, വിഷ്ണുവും ലക്ഷ്മിയും, ശ്രീരാമനും സീതയും, നളനും ദമയന്തിയുമെല്ലാം ഇത്തരത്തിലുള്ള മാതൃകാപരമായ ദാമ്പത്യജീവിതം നയിച്ചിരുന്നവരാണ്.

വിവാഹത്തിൽ ഏർപ്പെടുന്നതിനു മുമ്പ് യുവതീയുവാക്കൾ പരസ്പരം മനസ്സിലാക്കിയിരിക്കണം. തുല്യമായ സ്ഥിതിയിലുള്ളവർ തമ്മിൽ വേണം ബന്ധപ്പെടുവാൻ. അല്ലെങ്കിൽ ഭാവിയിൽ പല പ്രശ്നങ്ങളും ഉണ്ടാവാൻ സാധ്യതയുണ്ട്. സ്വഭാവം, സാമ്പത്തിക സ്ഥിതി, വിദ്യാഭ്യാസ യോഗ്യത, കുടുംബ പശ്ചാത്തലം മുതലായവും പരിഗണിക്കപ്പെടേണ്ടതാണ്. ഏതായാലും ഒരു കാര്യം തീർച്ച, വിവാഹം സംബന്ധിച്ച കാര്യങ്ങൾ വളരെ ആലോചിച്ച് ചെയ്യേണ്ടതാണ്.

ചോദ്യങ്ങൾ:

1) ശകുന്തള നിസ്സഹായിനിയായി ദുഃഖത്തിൽ മുഴുകാനിടയായ സാഹചര്യം എന്ത്? (2)

2) കണ്വശിഷ്യനാര്? അദ്ദേഹം ശാസിക്കുന്നത് എപ്രകാരമാണ്? (2)

3) പാശ്ചാത്യരുടെയും ഭാരതീയരുടെയും വൈവാഹിക ജീവിത കാഴ്ചപ്പാട് താരതമ്യപ്പെടുത്തുക. (2)

4) പൗരാണിക ദമ്പതിമാരിൽ മാതൃകാപരമായ ദാമ്പത്യം നയിച്ചവർ ആരെല്ലാം? (2)

(e) "വിവാഹം സംബന്ധിച്ച കാര്യങ്ങൾ വളരെ ചിന്തിച്ച് ചെയ്യേണ്ടതാണ്" - എന്ന് പറയാൻ കാരണമെന്ത്? (3)

Q.4. താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ഉത്തരമെഴുതുക.

(a) ഒറ്റപ്പദം എഴുതുക: (1)

(i) ഭൂമിയെ സംബന്ധിച്ചത്.

(ii) തെറ്റായ വഴിക്കുള്ള സഞ്ചാരം

(b) അക്ഷരത്തെറ്റ് തിരുത്തുക. (1)

(i) നരാദമൻ (ii) താണ്ടവം

(c) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ പറ്റി ഒരു പഴഞ്ചൊല്ല് എഴുതുക (1)

(i) നാളുകൾ (ii) കൃഷി.

(d) താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ട് പര്യായ പദം വീതം എഴുതുക. (2)

(i) കച്ചവടം (ii) ഉറക്കം (iii) കണ്ണാടി

(e) ഏതെങ്കിലും രണ്ട് ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക. (2)

(i) അവാച്യം (ii) സിംഹഭാഗം (iii) ചുക്കാൻ പിടിക്കുക

## Section - B

ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

Q.5 'മഴവേണ്ടി നില്ക്കും... ഇരുകാലിയാമൊരു ദുഷ്ടജന്തു..'

(a) വിറവാലൻ പക്ഷിയുടെ ആവലാതികൾ എന്തെല്ലാം? 2½

(b) കരിമ്പർവൻ, വൃക്കൾ എന്നിവയെ കവി ... 2½
ചിത്രീകരിക്കുന്നതെങ്ങനെ?

(c) വിറവാലൻ പക്ഷിയോട് കവി പറയുന്നതെന്തെല്ലാം? 2½

(d) തണ്ണീർത്തടങ്ങൾ അരുവി എന്നിവയെ എപ്ര- 2½
കാരമാണ് കവി വർണ്ണിച്ചിരിക്കുന്നത്?

Q.6 ...അപ്പോൾ മനുഷ്യജീവിതത്തിന്റെ ആദിമ-
കാലത്തെ അന്തരീക്ഷത്തിലേക്ക് നാമറിയാതെ
ഇഴുകിച്ചേർന്നു പോകുന്നു..

(a) നൈൽക്കരയെ ഒരു നാടകശാലയാക്കി മാറ്റുന്ന 2½
ഘടകങ്ങൾ എന്തെല്ലാം?

(b) 'ഇവയൊന്നും മനസ്സിൽ നിന്ന് മാഞ്ഞുപോകു- 2½
ന്നതല്ല'. — ഏവ? വിശദമാക്കുക

(c) നൈൽ നദിയുടെ ഇരു പാർശ്വങ്ങളിൽ
നിന്നും മനസ്സിലാക്കാവുന്നതെന്തെല്ലാം? 2½

(d) നൈൽ നദിയിലൂടെ സഞ്ചരിച്ച് ഈജിപ്തിൽ
പ്രവേശിക്കുമ്പോൾ കാണാൻ കഴിയുന്ന കാഴ്ചക- 2½
ളെന്തെല്ലാം?

Q.7 'കാത് തന്നെ അങ്ങോട്ട് ചെത്തിച്ചാലോ, ഇച്ചിരി
ബോധനാക്കണം എന്നല്ലേ ഉള്ളൂ....

(a) മൗലവിയുടെ സ്വഭാവം പാഠഭാഗത്തെ 2½
ആസ്പദമാക്കി വിവരിക്കുക.

(b) മൗലവിയുടെ കൂടെ താമസിച്ചിരുന്ന കഥാനായകന്
അവിടെ എത്തിച്ചേരാനിടയായ സാഹചര്യം 2½
എന്ത്?

(c) മൗലവി ഉണരുമ്പോൾ അത് ലോകമറിയും
എന്നു പറയാനുള്ള കാരണം എന്ത്? 2½

(d) മുഹമ്മദിനെ കുറിക്കുള്ളിൽ കൂട്ടിയിടാൻ ഇടയായ 2½
സംഭവമെന്ത്?

- മധുരം -

Qn. 8. 'മഹാനായ ഒരു അദ്ധ്യാപകനായിരുന്നു ഇയ്യാദുരൈ സോളമൻ ....'

(a) ഇയ്യാദുരൈ സോളമൻ മഹാനായ ഒരു അദ്ധ്യാപകനായിരുന്നുവെന്ന് പറയാൻ കാരണമെന്ത്? 2½

(b) പഴയ അപമാനത്തിനു പകരമായ പ്രശംസാവചനങ്ങൾ — സന്ദർഭം വ്യക്തമാക്കുക. 2½

(c) ജീവിത വിജയം നേടാൻ എന്തു ചെയ്യണമെന്നാണ് കലാം ആഹ്വാനം ചെയ്യുന്നത്? 2½

(d) 'അദ്ദേഹവുമായുള്ള ബന്ധത്തിൽ നിന്ന് ഒരു കാര്യം ഞാൻ പഠിച്ചു'. — അതിൽ നിന്ന് എന്താണ് പഠിച്ചത്? 2½